ഭാരത സർക്കാർ

നിയമ മന്ത്രാലയം

# ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1986

## (1986-ലെ 61-ാം നമ്പർ ആക്റ്റ്)

(2009 സെപ്റ്റംബർ 17-ാം തീയതി നിലവിലിരുന്ന പ്രകാരം)

# The Child Labour (Prohibition and Regulation) Act, 1986

## (ACT No. 61 of 1986)

(As on 17th September, 2009)

വില : 18 രൂപ

©

യൂണിയൻ സർക്കാരിന് വേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2010

## ആമുഖം

2009 സെപ്റ്റംബർ 17-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1986 (1986-ലെ 61-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2010 ജനുവരി 12-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം, 2-ാം നമ്പരായി 2 മുതൽ 12 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

വി. കെ. ഭാസിൻ,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Child Labour (Pohibition and Regulation) Act, 1986 (Act No. 61 of 1986) as on 17th September, 2009 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 2 dated 12th January, 2010 on pages 2 to 12.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

V. K. BHASIN,

*Secretary to the Government of India.*

3/4199/2010/DTP

# ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1986

**(1986-ലെ 61-ാം നമ്പർ ആക്റ്റ്)**

## ഉള്ളടക്കം

ഭാഗം I

**പ്രാരംഭികം**

വകുപ്പുകൾ — പേജ്


1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും 1
2. നിർവ്വചനങ്ങൾ 1

ഭാഗം II

**ചില പ്രവൃത്തികളിലും പ്രക്രിയകളിലും കുട്ടികളുടെ നിയോജനം നിരോധിക്കൽ**

3. ചില പ്രവൃത്തികളിലും പ്രക്രിയകളിലും കുട്ടികളുടെ നിയോജനം നിരോധിക്കൽ 2
4. പട്ടിക ഭേദഗതി ചെയ്യാനുള്ള അധികാരം 2
5. ബാലവേല സാങ്കേതിക ഉപദേശക കമ്മിറ്റി 2

ഭാഗം III

**കുട്ടികളുടെ ജോലി വ്യവസ്ഥകളുടെ ക്രമപ്പെടുത്തൽ**

6. ഭാഗം ബാധകമാക്കൽ 3
7. ജോലിയുടെ മണിക്കൂറുകളും കാലയളവും 3
8. ആഴ്ചതോറുമുള്ള ഒഴിവു ദിവസങ്ങൾ 3
9. ഇൻസ്പെക്ടർക്കുള്ള നോട്ടീസ് 3
10. വയസ് സംബന്ധിച്ച തർക്കം 4
11. രജിസ്റ്റർ വച്ചുപോരൽ 4
12. 3-ഉം 14-ഉം വകുപ്പുകളുടെ സംഗ്രഹം അടങ്ങിയ നോട്ടീസ് പ്രദർശിപ്പിക്കൽ 4
13. ആരോഗ്യവും സുരക്ഷിതത്വവും 4

ഭാഗം IV

**പലവക**

14. ശിക്ഷകൾ 5
15. ശിക്ഷകളുമായി ബന്ധപ്പെട്ട ചില നിയമങ്ങളുടെ രൂപഭേദപ്പെടുത്തിയ ബാധകത 6
16. കുറ്റങ്ങൾ സംബന്ധിച്ച നടപടിക്രമം 6
17. ഇൻസ്പെക്ടർമാരുടെ നിയമനം 6
18. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം 6
19. ചട്ടങ്ങളും വിജ്ഞാപനങ്ങളും പാർലമെന്റിന്റെയോ അല്ലെങ്കിൽ നിയമ സഭയുടെയോ മുൻപാകെ വയ്ക്കണമെന്ന് 7
20. മറ്റു ചില നിയമ വ്യവസ്ഥകൾ തടസ്സമാവുകയില്ലെന്ന് 7
21. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം 7
22. റദ്ദാക്കലും ഒഴിവാക്കലും 8
23. 1948-ലെ 11-ാം ആക്റ്റിന്റെ ഭേദഗതി 8
24. 1951-ലെ 69-ാം ആക്റ്റിന്റെ ഭേദഗതി 8
25. 1958-ലെ 44-ാം ആക്റ്റിന്റെ ഭേദഗതി 8
26. 1961-ലെ 27-ാം ആക്റ്റിന്റെ ഭേദഗതി 8

**പട്ടിക**

ഭാഗം ക 9

**പ്രവൃത്തികൾ**

ഭാഗം ഖ 9

**പ്രക്രിയകൾ**

# ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1986

## (1986-ലെ 61-ാം നമ്പർ ആക്റ്റ്)

[1986 ഡിസംബർ, 23]

ചില തൊഴിലുകളിൽ കുട്ടികളെ ഏർപ്പെടുത്തുന്നത് നിരോധിക്കുന്നതിനും മറ്റ് ചില തൊഴിലുകളിൽ കുട്ടികളുടെ ജോലിവ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനും വേണ്ടിയുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തിയേഴാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

### ഭാഗം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1986 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ ഭാഗം III ഒഴികെയുള്ള വ്യവസ്ഥകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതും, ഭാഗം III-ലെ വ്യവസ്ഥകൾ കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള [1]തീയതിയിൽ നിലവിൽ വരുന്നതും വിവിധ സംസ്ഥാനങ്ങൾക്കും വിവിധ വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങൾക്കും വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ആകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(i) "സമുചിത സർക്കാർ" എന്നാൽ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിൻകീഴിലുള്ള ഒരു സ്ഥാപനത്തേയോ അല്ലെങ്കിൽ ഒരു റെയിൽവേ ഭരണമോ അല്ലെങ്കിൽ ഒരു മേജർ തുറമുഖമോ അല്ലെങ്കിൽ ഒരു ഖനിയോ അല്ലെങ്കിൽ എണ്ണപ്പാടമോ സംബന്ധിച്ച്, കേന്ദ്രസർക്കാർ എന്നും, മറ്റെല്ലാ സംഗതികളിലും സംസ്ഥാന സർക്കാർ എന്നും അർത്ഥമാകുന്നു;

(ii) "കുട്ടി" എന്നാൽ പതിനാല് വയസ്സ് പൂർത്തിയായിട്ടില്ലാത്ത ഒരാൾ എന്നർത്ഥമാകുന്നു;

(iii) "ദിവസം" എന്നാൽ അർദ്ധരാത്രി ആരംഭിച്ച് 24 മണിക്കൂർ കാലയളവ് എന്നർത്ഥമാകുന്നു;

(iv) "സ്ഥാപനം" എന്നതിൽ ഒരു കട, വാണിജ്യസ്ഥാപനം, വർക്ക്ഷോപ്പ്, ഫാം, താമസത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഭോജനശാല, തിയേറ്റർ എന്നിവയോ അല്ലെങ്കിൽ പൊതുവിനോദത്തിനോ നേരംപോക്കിനോ ഉള്ള മറ്റ് സ്ഥലമോ ഉൾപ്പെടുന്നു;

(v) "കുടുംബം" എന്നാൽ ഒരു കൈവശക്കാരനെ സംബന്ധിച്ച് വ്യക്തിയും, അതത് സംഗതിപോലെ, അങ്ങനെയുള്ള വ്യക്തിയുടെ ഭാര്യയും അല്ലെങ്കിൽ ഭർത്താവും അവരുടെ കുട്ടികളും, അങ്ങനെയുള്ള വ്യക്തിയുടെ സഹോദരനും അല്ലെങ്കിൽ സഹോദരിയും എന്നർത്ഥമാകുന്നു;

(vi) "കൈവശക്കാരൻ" എന്നാൽ ഒരു സ്ഥാപനത്തെയോ ഒരു വർക്ക്ഷോപ്പിനെയോ സംബന്ധിച്ച്, സ്ഥാപനത്തിന്റെയോ വർക്ക്ഷോപ്പിന്റെയോ കാര്യങ്ങളിൻമേൽ അന്തിമ നിയന്ത്രണമുള്ള ആൾ എന്നർത്ഥമാകുന്നു;

(vii) "തുറമുഖ അധികാരസ്ഥാനം" എന്നാൽ ഒരു തുറമുഖത്തിന്റെ ഭരണം നിർവ്വഹിക്കുന്ന ഏതെങ്കിലും അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

---

[1] 26-5-1993-ലെ എസ്. ഒ. 333 (ഇ) നമ്പർ വിജ്ഞാപനപ്രകാരം 26-5-1993-ൽ പ്രാബല്യത്തിൽവന്നു.

(viii) "നിർണ്ണയിക്കപ്പെട്ട" എന്നാൽ 18-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ix) "ആഴ്ച" എന്നാൽ ശനിയാഴ്ച രാത്രിയിലെയോ അല്ലെങ്കിൽ ഇൻസ്പെക്ടർ ഒരു പ്രത്യേക പ്രദേശത്തിനുവേണ്ടി ലിഖിതമായി അംഗീകരിക്കുന്ന അങ്ങനെയുള്ള മറ്റു രാത്രിയിലെയോ അർദ്ധരാത്രിയിൽ ആരംഭിക്കുന്ന ഏഴ് ദിവസത്തിന്റെ ഒരു കാലയളവ് എന്നർത്ഥമാകുന്നു;

(x) "വർക്ക്ഷോപ്പ്" എന്നാൽ ഏതെങ്കിലും വ്യാവസായിക പ്രക്രിയ നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും പരിസരങ്ങൾ (അതിന്റെ പ്രാന്തപ്രദേശങ്ങൾ ഉൾപ്പെടെ) എന്നർത്ഥമാകുന്നതും, എന്നാൽ തത്സമയം ഫാക്ടറീസ് ആക്റ്റ്, 1948 (1948-ലെ 63)-ന്റെ 67-ാം വകുപ്പിലെ വ്യവസ്ഥയിൽ ബാധകമാകുന്ന ഏതെങ്കിലും പരിസരങ്ങൾ ഉൾപ്പെടുന്നതുമല്ല.

## ഭാഗം II

## ചില പ്രവൃത്തികളിലും പ്രക്രിയകളിലും കുട്ടികളുടെ നിയോജനം നിരോധിക്കൽ

3. ചില പ്രവൃത്തികളിലും പ്രക്രിയകളിലും കുട്ടികളുടെ നിയോജനം നിരോധിക്കൽ.—പട്ടികയിലെ ഭാഗം ക യിൽ പ്രതിപാദിച്ചിട്ടുള്ള യാതൊരു പ്രവൃത്തികളിലും അല്ലെങ്കിൽ പട്ടികയിലെ ഭാഗം ഖ യിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും പ്രക്രിയ നടത്തിക്കൊണ്ടിരിക്കുന്ന യാതൊരു വർക്ക്ഷോപ്പിലും കുട്ടികളെ നിയോജിക്കുകയോ അല്ലെങ്കിൽ ജോലി ചെയ്യാൻ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും കൈവശക്കാരൻ തന്റെ കുടുംബത്തിന്റെ സഹായത്തോടുകൂടി ഏതെങ്കിലും പ്രക്രിയ നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും വർക്ക്ഷോപ്പിനെയോ അല്ലെങ്കിൽ സർക്കാർ സ്ഥാപിച്ചതോ സർക്കാരിൽനിന്നും സഹായം ലഭിച്ചുകൊണ്ടിരിക്കുന്നതോ അംഗീകാരമുള്ളതോ ആയ ഏതെങ്കിലും സ്കൂളിനോ, ബാധകമാകുന്നതല്ല.

4. പട്ടിക ഭേദഗതി ചെയ്യാനുള്ള അധികാരം.—കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, അപ്രകാരം ചെയ്യുന്നതിനുള്ള അതിന്റെ ഉദ്ദേശ്യത്തെപ്പറ്റി മൂന്നു മാസത്തിൽ കുറയാത്ത നോട്ടീസ് കൊടുത്തതിനുശേഷം, അതേപോലുള്ള വിജ്ഞാപനംവഴി, പട്ടികയിൽ ഏതെങ്കിലും പ്രവൃത്തിയോ പ്രക്രിയയോ ചേർക്കാവുന്നതും അതോടെ പട്ടിക അതനുസരിച്ച് ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്നതുമാണ്.

5. ബാലവേല സാങ്കേതിക ഉപദേശക കമ്മിറ്റി.—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ബാലവേല സാങ്കേതിക ഉപദേശക കമ്മിറ്റി എന്ന് വിളിക്കാവുന്ന ഒരു ഉപദേശക കമ്മിറ്റി (ഇതിനുശേഷം ഈ വകുപ്പിൽ കമ്മിറ്റി എന്ന് പരാമർശിക്കപ്പെടുന്നു) പ്രവൃത്തികളും പ്രക്രിയകളും പട്ടികയിൽ ചേർക്കുന്ന ആവശ്യത്തിനുവേണ്ടി കേന്ദ്രസർക്കാരിനെ ഉപദേശിക്കുന്നതിന് രൂപീകരിക്കാവുന്നതാണ്.

(2) കമ്മിറ്റി കേന്ദ്രസർക്കാരിന് നിയമിക്കാവുന്ന ഒരു ചെയർമാനും പത്തിൽ കവിയാത്ത അങ്ങനെയുള്ള മറ്റുമെമ്പർമാരും അടങ്ങുന്നതാണ്.

(3) കമ്മിറ്റി ആവശ്യമെന്ന് അത് കരുതുന്നപ്രകാരം ഇടയ്ക്കിടെ കൂടേണ്ടതും അതിന്റേതായ നടപടി ക്രമപ്പെടുത്തുന്നതിന് അതിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(4) കമ്മിറ്റിക്ക് അപ്രകാരം ചെയ്യുന്നത് ആവശ്യമെന്ന് അത് കരുതുന്നപക്ഷം, ഒന്നോ അല്ലെങ്കിൽ കൂടുതലോ സബ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതും സാമാന്യമായോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സംഗതിയുടെ പരിഗണനയ്ക്ക് വേണ്ടിയോ കമ്മിറ്റിയിൽ മെമ്പർ അല്ലാത്ത ഏതൊരാളെയും അങ്ങനെയുള്ള ഏതൊരു സബ് കമ്മിറ്റിയിലും നിയമിക്കാവുന്നതുമാണ്.

(5) കമ്മിറ്റിയിലെ ചെയർമാന്റെയും മറ്റ് മെമ്പർമാരുടെയും ഉദ്യോഗ കാലാവധിയും ആഫീസിലെ ആകസ്മിക ഒഴിവുകൾ നികത്തലിന്റെ രീതിയും നൽകേണ്ടതായ ബത്തകളും, ഏതെങ്കിലും ഉണ്ടെങ്കിൽ അവയും, കമ്മിറ്റിയിൽ മെമ്പറല്ലാത്ത ഏതൊരാളെയും അതിന്റെ ഏതൊരു

സബ് കമ്മിറ്റിയിലും മെമ്പറായി കമ്മിറ്റിക്ക് നിയമിക്കാവുന്നത് ഏത് ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിട്ടാണോ അവയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

## ഭാഗം III

## കുട്ടികളുടെ ജോലിവ്യവസ്ഥകളുടെ ക്രമപ്പെടുത്തൽ

6. ഭാഗം ബാധകമാക്കൽ.—3-ാം വകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളോ പ്രക്രിയകളോ യാതൊന്നും നടത്തിക്കൊണ്ടിരിക്കുന്നതല്ലാത്ത ഒരു സ്ഥാപനത്തിനോ സ്ഥാപനങ്ങളുടെ ഒരു വിഭാഗത്തിനോ ഈ ഭാഗത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

7. ജോലിയുടെ മണിക്കൂറുകളും കാലയളവും.—(1) ഏതെങ്കിലും സ്ഥാപനത്തിൽ അങ്ങനെയുള്ള സ്ഥാപനത്തിലോ അല്ലെങ്കിൽ സ്ഥാപനങ്ങളുടെ വിഭാഗത്തിലോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മണിക്കൂറുകളുടെ എണ്ണത്തിൽ കൂടുതൽ ഒരു കുട്ടിയെ ജോലി ചെയ്യാൻ ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) ഓരോ ദിവസത്തെയും ജോലിയുടെ കാലയളവ്, ഒരു കാലയളവും മൂന്ന് മണിക്കൂറിൽ അധികരിക്കാൻ പാടില്ലാത്ത വിധത്തിൽ നിശ്ചയിക്കേണ്ടതും ഒരു കുട്ടിയും, കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും വിശ്രമവേള കിട്ടിയിട്ടുണ്ടായിരിക്കുന്നതിന് മുമ്പ് മൂന്ന് മണിക്കൂറിൽ കൂടുതൽ ജോലിചെയ്യാൻ പാടുള്ളതല്ല.

(3) ഒരു കുട്ടിയുടെ ജോലിയുടെ കാലയളവ്, (2)-ാം ഉപവകുപ്പുപ്രകാരമുള്ള അവന്റെ വിശ്രമത്തിനുള്ള ഇടവേള ഉൾപ്പെടെ, ഏതെങ്കിലും ദിവസം ജോലിക്കായി കാത്ത് ചെലവഴിക്കുന്ന സമയവും ഉൾപ്പെടുത്തി, ആറു മണിക്കൂറിൽ കൂടുതൽ നീണ്ടുപോകാൻ പാടില്ലാത്തവിധം ക്രമപ്പെടുത്തേണ്ടതാണ്.

(4) ഒരു കുട്ടിയേയും, രാത്രി ഏഴ് മണിക്കും രാവിലെ എട്ടു മണിക്കും ഇടയ്ക്ക് ജോലി ചെയ്യാൻ അനുവദിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

(5) ഒരു കുട്ടിയേയും, ഓവർടൈം ജോലിചെയ്യാൻ ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(6) ഒരു കുട്ടിയേയും, അവൻ ഏതെങ്കിലും സ്ഥാപനത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഏതെങ്കിലും ദിവസം മറ്റൊരു സ്ഥാപനത്തിൽ ജോലി ചെയ്യാൻ ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

8. ആഴ്ചതോറുമുള്ള ഒഴിവുദിവസങ്ങൾ.—ഒരു സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ഓരോ കുട്ടിക്കും ഓരോ ആഴ്ചയിലും ഒരു മുഴുവൻ ദിവസം ഒഴിവുദിവസമായി അനുവദിക്കേണ്ടതും, ആ ദിവസം സ്ഥാപനത്തിലെ ശ്രദ്ധയാകർഷിക്കത്തക്ക ഒരു സ്ഥലത്ത് സ്ഥിരമായി പ്രദർശിപ്പിക്കപ്പെട്ട ഒരു നോട്ടീസിൽ കൈവശക്കാരനാൽ വിനിർദ്ദേശിക്കപ്പെടേണ്ടതും അങ്ങനെ വിനിർദ്ദേശിക്കപ്പെട്ട ആ ദിവസം മൂന്നു മാസത്തിൽ ഒരിക്കൽ കൂടുതൽ കൈവശക്കാരൻ മാറ്റാൻ പാടുള്ളതല്ല.

9. ഇൻസ്പെക്ടർക്കുള്ള നോട്ടീസ്.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുതൊട്ടുമുമ്പ്, ഒരു കുട്ടിയെ ജോലി ചെയ്യുന്നതിന് നിയോജിക്കപ്പെടുകയോ അനുവദിക്കപ്പെടുകയോ ചെയ്ത ഒരു സ്ഥാപനവുമായി ബന്ധപ്പെട്ട ഓരോ കൈവശക്കാരനും അങ്ങനെയുള്ള സ്ഥാപനത്തെ സംബന്ധിച്ച്, അങ്ങനെയുള്ള പ്രാരംഭം മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ താഴെ പറയുന്ന വിവരങ്ങൾ അടങ്ങുന്ന ഒരു ലിഖിതമായ നോട്ടീസ്, സ്ഥാപനം സ്ഥിതിചെയ്യുന്ന തദ്ദേശാതിർത്തിക്കുള്ളിലെ ഇൻസ്പെക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്, അതായത്:—

(ക) സ്ഥാപനത്തിന്റെ പേരും സ്ഥാനവും;

(ഖ) സ്ഥാപനത്തിന്റെ യഥാർത്ഥ നടത്തിപ്പുകാരന്റെ പേര്;

(ഗ) സ്ഥാപനവുമായി ബന്ധപ്പെട്ട ആശയ വിനിമയം നടത്തേണ്ട മേൽവിലാസം;

(ഘ) സ്ഥാപനത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവൃത്തിയുടെയോ പ്രക്രിയയുടെയോ സ്വഭാവം.

(2) ഈ ആക്റ്റ് ഒരു സ്ഥാപനത്തെ സംബന്ധിച്ച് പ്രാരംഭത്തിൽ വരുന്ന തീയതിക്കുശേഷം ഏതെങ്കിലും കുട്ടിയെ നിയോജിക്കുകയോ അല്ലെങ്കിൽ ജോലിചെയ്യാൻ അനുവദിക്കുകയോ ചെയ്യുന്ന അങ്ങനെയുള്ള സ്ഥാപനവുമായി ബന്ധപ്പെട്ട ഓരോ കൈവശക്കാരനും അങ്ങനെയുള്ള നിയോജനത്തിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ അടങ്ങുന്ന ലിഖിതമായ ഒരു നോട്ടീസ്, സ്ഥാപനം സ്ഥിതിചെയ്യുന്ന തദ്ദേശാതിർത്തിക്കുള്ളിലെ ഇൻസ്പെക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

*വിശദീകരണം.*—(1)-ഉം (2)-ഉം ഉപവകുപ്പുകളുടെ ആവശ്യങ്ങൾക്കായി "ഒരു സ്ഥാപനവുമായി ബന്ധപ്പെട്ട ഈ ആക്റ്റിന്റെ പ്രാരംഭം" എന്നാൽ അങ്ങനെയുള്ള സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രസ്തുത ആക്റ്റ് പ്രാബല്യത്തിൽ കൊണ്ടുവരുന്ന തീയതി എന്നർത്ഥമാകുന്നു.

(3) 7, 8, 9 എന്നീ വകുപ്പുകളിലെ യാതൊന്നും ഒരു കൈവശക്കാരൻ അയാളുടെ കുടുംബത്തിന്റെ സഹായത്തോടെ ഏതെങ്കിലും പ്രക്രിയ നടത്തിക്കൊണ്ടുപോരുന്ന ഏതെങ്കിലും സ്ഥാപനത്തിനോ അല്ലെങ്കിൽ സർക്കാർ സ്ഥാപിച്ചതോ സർക്കാരിൽനിന്നും സഹായമോ അംഗീകാരമോ ലഭിക്കുന്ന ഏതെങ്കിലും സ്കൂളിനോ ബാധകമാകുന്നതല്ല.

10. <u>വയസ്സ് സംബന്ധിച്ച തർക്കം.</u>—ഒരു സ്ഥാപനത്തിൽ കൈവശക്കാരനാൽ നിയോജിക്കപ്പെട്ടതോ അല്ലെങ്കിൽ ജോലിചെയ്യാൻ അനുവദിക്കപ്പെട്ടതോ ആയ ഏതെങ്കിലും കുട്ടിയുടെ വയസ്സ് സംബന്ധിച്ച് കൈവശക്കാരനും ഇൻസ്പെക്ടറും തമ്മിൽ ഒരു തർക്കം ഉണ്ടാകുന്നപക്ഷം, അപ്രകാരം നിർണ്ണയിക്കപ്പെട്ട മെഡിക്കൽ അധികാരസ്ഥാനം അങ്ങനെയുള്ള കുട്ടിയുടെ വയസ്സ് സംബന്ധിച്ച് നൽകിയിട്ടുള്ള ഒരു സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ, തീരുമാനത്തിനായി നിർണ്ണയിക്കപ്പെട്ട മെഡിക്കൽ അധികാരസ്ഥാനത്തിന് ഇൻസ്പെക്ടർ റഫർ ചെയ്യേണ്ടതാണ്.

11. <u>രജിസ്റ്റർ വച്ചുപോരൽ.</u>—ഏതെങ്കിലും സ്ഥാപനത്തിൽ നിയോജിക്കപ്പെടുകയോ ജോലി ചെയ്യാൻ അനുവദിക്കപ്പെടുകയോ ചെയ്യുന്ന കുട്ടികളെ സംബന്ധിച്ച് ഓരോ കൈവശക്കാരനും ജോലി സമയങ്ങളിലോ ജോലി നടന്നുകൊണ്ടിരിക്കുന്നതോ ആയ എല്ലാ സമയത്തും ഇൻസ്പെക്ടർക്ക് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ട താഴെക്കാണിക്കുന്ന വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ വച്ചുപോരേണ്ടതാണ്,—

(ക) അങ്ങനെ നിയോജിക്കപ്പെട്ടതോ അല്ലെങ്കിൽ ജോലിചെയ്യാൻ അനുവദിക്കപ്പെട്ടതോ ആയ ഓരോ കുട്ടിയുടെയും പേരും ജനനത്തീയതിയും;

(ഖ) അങ്ങനെയുള്ള ഓരോ കുട്ടിയുടെയും ജോലിയുടെ മണിക്കൂറും കാലയളവും അവന് അർഹതപ്പെട്ട വിശ്രമവേളകളും;

(ഗ) അങ്ങനെയുള്ള ഏതൊരു കുട്ടിയുടെയും ജോലിയുടെ സ്വഭാവം;

(ഘ) നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള മറ്റു സംഗതികൾ.

12. <u>3-ഉം 14-ഉം വകുപ്പുകളുടെ സംഗ്രഹം അടങ്ങിയ നോട്ടീസ് പ്രദർശിപ്പിക്കൽ.</u>—ഓരോ റെയിൽവേ ഭരണവും ഓരോ തുറമുഖ അധികാരസ്ഥാനവും ഓരോ കൈവശക്കാരനും, റെയിൽവേ അതിന്റെ ഓരോ സ്റ്റേഷനിലും അല്ലെങ്കിൽ തുറമുഖത്തിന്റെ പരിധിക്കുള്ളിലും അല്ലെങ്കിൽ ജോലി സ്ഥലത്തും, അതതു സംഗതിപോലെ, 3-ഉം 14-ഉം വകുപ്പുകളുടെ സംഗ്രഹം അടങ്ങിയ ഒരു നോട്ടീസ്, പ്രാദേശിക ഭാഷയിലും ഇംഗ്ലീഷ് ഭാഷയിലും ശ്രദ്ധയാകർഷിക്കുന്നതും പ്രാപ്യമായതുമായ ഒരു സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

13. <u>ആരോഗ്യവും സുരക്ഷിതത്വവും.</u>—(1) സമുചിത സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഏതെങ്കിലും സ്ഥാപനത്തിലോ അല്ലെങ്കിൽ സ്ഥാപനങ്ങളുടെ വിഭാഗത്തിലോ നിയോജിക്കപ്പെട്ടതോ ജോലിചെയ്യാൻ അനുവദിക്കപ്പെട്ടതോ ആയ കുട്ടികളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനുംവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മേൽപ്പറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിൽ, പ്രസ്തുത ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലും സംഗതികൾക്കോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) ജോലി ചെയ്യുന്ന സ്ഥലത്ത് ശുചിത്വവും ശല്യത്തിൽനിന്ന് മുക്തിയും;

(ഖ) നിരുപയോഗാവശിഷ്ടങ്ങളും ഒഴുക്കിവിടുന്ന ദ്രാവകങ്ങളും;

(ഗ) വായുസഞ്ചാരവും ചൂടും;

(ഘ) പൊടിയും പുകയും;

(ങ) കൃത്രിമ ഈർപ്പമുണ്ടാക്കൽ;

(ച) വെളിച്ചം;

(ഛ) കുടിവെള്ളം;

(ജ) കക്കൂസും മൂത്രപ്പുരകളും;

(ഝ) കോളാമ്പികൾ;

(ഞ) യന്ത്രസാമഗ്രികൾക്ക് വേലികെട്ടൽ;

(ട) പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യന്ത്രസാമഗ്രികളിലോ സമീപത്തോ ഉള്ള ജോലി;

(ഠ) അപായകരമായ യന്ത്രങ്ങളിൽ കുട്ടികളെ നിയോജിക്കൽ;

(ഡ) അപായകരമായ യന്ത്രങ്ങളിൽ നിയോജിക്കുന്ന കുട്ടികളെ സംബന്ധിച്ചുള്ള പ്രബോധനവും പരിശീലനവും മേൽനോട്ടവും;

(ഢ) വൈദ്യുതി വിച്ഛേദിക്കുന്നതിനുള്ള ഉപകരണം;

(ണ) സ്വയം പ്രവർത്തിക്കുന്ന യന്ത്രങ്ങൾ;

(ത) പുതിയ യന്ത്രസാമഗ്രികൾ അനായാസം ആക്കുന്നത്;

(ഥ) തറയും കോണിയും പ്രവേശനമാർഗ്ഗങ്ങളും;

(ദ) കുഴികൾ, സമ്പുകൾ, തറയിലെ ദ്വാരങ്ങൾ മുതലായവ;

(ധ) അമിതഭാരം;

(ന) നേത്രസംരക്ഷണം;

(പ) സ്ഫോടകവസ്തുവോ തീപിടിക്കുന്നതോ ആയ പൊടി, ഗ്യാസ് മുതലായവ;

(ഫ) തീപിടിത്തം ഉണ്ടാകുമ്പോൾ എടുക്കേണ്ട മുൻകരുതലുകൾ;

(ബ) കെട്ടിടങ്ങളുടെ സംരക്ഷണം;

(ഭ) കെട്ടിടങ്ങളുടെയും യന്ത്രസാമഗ്രികളുടെയും സുരക്ഷിതത്വം.

## ഭാഗം IV

### പലവക

14. ശിക്ഷകൾ.—(1) 3-ാം വകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ട് ഒരു കുട്ടിയെ നിയോജിക്കുകയോ അല്ലെങ്കിൽ ഒരു കുട്ടിയെ ജോലി ചെയ്യാൻ അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തിൽ കുറയാത്തതും എന്നാൽ ഒരു വർഷംവരെ ആകാവുന്ന തടവിനോ അല്ലെങ്കിൽ പതിനായിരം രൂപയിൽ കുറയാത്തതോ എന്നാൽ ഇരുപതിനായിരം രൂപവരെ ആകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനുംകൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

(2) 3-ാം വകുപ്പുപ്രകാരമുള്ള ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിരിക്കെ അതിന് ശേഷം ഒരു സമാന കുറ്റംചെയ്യുന്ന ഏതൊരാളും ആറ് മാസത്തിൽ കുറയാത്തതും എന്നാൽ രണ്ട് വർഷംവരെ ആകാവുന്നതുമായ തടവിന് ശിക്ഷിക്കപ്പെടുന്നതാണ്.

(3) ഏതൊരാളാണോ,—

(ക) 9-ാം വകുപ്പിനാൽ ആവശ്യപ്പെടുന്നപ്രകാരമുള്ള നോട്ടീസ് നൽകുന്നതിന് വീഴ്ച വരുത്തുകയോ; അല്ലെങ്കിൽ

(ഖ) 11-ാം വകുപ്പിനാൽ ആവശ്യപ്പെടുന്ന പ്രകാരമുള്ള ഒരു രജിസ്റ്റർ വച്ചുപോരുന്നതിന് വീഴ്ച വരുത്തുകയോ അങ്ങനെയുള്ള ഏതെങ്കിലും രജിസ്റ്ററിൽ ഏതെങ്കിലും തെറ്റായ ഉൾക്കുറിപ്പുകൾ വരുത്തുകയോ; അല്ലെങ്കിൽ

(ഗ) 12-ാം വകുപ്പിനാൽ ആവശ്യപ്പെടുന്നപ്രകാരം 3-ാം വകുപ്പിന്റെയും ഈ വകുപ്പിന്റെയും സംഗ്രഹം അടങ്ങുന്ന ഒരു നോട്ടീസ് പ്രദർശിപ്പിക്കുന്നതിന് വീഴ്ച വരുത്തുകയോ; അല്ലെങ്കിൽ

(ഘ) ഈ ആക്റ്റിലെയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ മറ്റ് ഏതെങ്കിലും വ്യവസ്ഥകൾ അനുസരിക്കുന്നതിന് വീഴ്ച വരുത്തുകയോ അല്ലെങ്കിൽ ഉല്ലംഘിക്കുകയോ ചെയ്യുന്നത്,

അയാൾ ഒരു മാസത്തോളമാകാവുന്ന വെറും തടവിനോ അല്ലെങ്കിൽ പതിനായിരം രൂപയോളം ആകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനുംകൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

15. ശിക്ഷകളുമായി ബന്ധപ്പെട്ട ചില നിയമങ്ങളുടെ രൂപഭേദപ്പെടുത്തിയ ബാധകത.—(1) (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകളുടെ ഉല്ലംഘനത്തിന് കുറ്റക്കാരനായി കാണപ്പെടുകയും കുറ്റസ്ഥാപനം ചെയ്യപ്പെടുകയും ചെയ്യുന്നപക്ഷം, ഏതൊരാളും ഈ ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ വ്യവസ്ഥചെയ്ത പ്രകാരമുള്ള ശിക്ഷകൾക്ക് അർഹനാകുന്നതും ആ വ്യവസ്ഥകൾ അടങ്ങിയിട്ടുള്ള ആക്റ്റുകൾ പ്രകാരമല്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ താഴെപ്പറയുന്ന വ്യവസ്ഥകളാണ്:—

(ക) ഫാക്ടറീസ് ആക്റ്റ്, 1948 (1948-ലെ 63)-ന്റെ 67-ാം വകുപ്പ്;

(ഖ) ഖനികൾ ആക്റ്റ്, 1952 (1952-ലെ 35)-ന്റെ 40-ാം വകുപ്പ്;

(ഗ) മർച്ചന്റ് ഷിപ്പിംഗ് ആക്റ്റ്, 1958 (1958-ലെ 44)-ന്റെ 109-ാം വകുപ്പ്;

(ഘ) മോട്ടോർ പരിവഹണ തൊഴിലാളികൾ ആക്റ്റ്, 1961 (1961-ലെ 27)-ന്റെ 21-ാം വകുപ്പ്.

16. കുറ്റങ്ങൾ സംബന്ധിച്ച നടപടിക്രമം.—(1) ഈ ആക്റ്റ്പ്രകാരം ചെയ്യപ്പെട്ട ഒരു കുറ്റം സംബന്ധിച്ച ഒരു പരാതി ഏതൊരു ആൾക്കോ പോലീസ് ആഫീസർക്കോ ഇൻസ്പെക്ടർക്കോ ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഏതൊരു കോടതിയിലും ഫയൽ ചെയ്യാവുന്നതാണ്.

(2) നിർണ്ണയിക്കപ്പെട്ട ഒരു മെഡിക്കൽ അധികാരസ്ഥാനം ഒരു കുട്ടിയുടെ വയസ്സിനെ സംബന്ധിച്ച് നൽകിയ ഏതൊരു സർട്ടിഫിക്കറ്റും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ആ കുട്ടിയുടെ വയസ്സ് സംബന്ധിച്ച് അന്തിമമായ തെളിവായിരിക്കുന്നതാണ്.

(3) ഒരു മോട്രോപൊളിറ്റൻ മജിസ്ട്രേറ്റിന്റെയോ അല്ലെങ്കിൽ ഒരു ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന്റെയോ കോടതിയിൽ താഴെയുള്ള യാതൊരു കോടതിയിലും ഈ ആക്റ്റ് പ്രകാരമുള്ള യാതൊരു കുറ്റവും വിചാരണ ചെയ്യുവാൻ പാടുള്ളതല്ല.

17. ഇൻസ്പെക്ടർമാരുടെ നിയമനം.—സമുചിത സർക്കാരിന്, ഈ ആക്റ്റിന്റെ വ്യവസ്ഥകളുടെ പാലനം ഉറപ്പുവരുത്തുന്നതിനുള്ള ആവശ്യത്തിലേക്കായി ഇൻസ്പെക്ടർമാരെ നിയമിക്കാവുന്നതും അങ്ങനെ നിയമിക്കപ്പെട്ട ഏതൊരു ഇൻസ്പെക്ടറും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-യുടെ അർത്ഥത്തിനുള്ളിൽ ഒരു പബ്ലിക് സെർവന്റായി കരുതപ്പെടേണ്ടതുമാണ്.

18. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സമുചിത സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴിയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രഭാവത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലും സംഗതികൾക്കോ വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 5-ാം വകുപ്പിലെ (5)-ാം ഉപവകുപ്പുപ്രകാരം ബാലവേല സാങ്കേതിക ഉപദേശക കമ്മിറ്റിയിലെ ചെയർമാന്റെയും മെമ്പർമാരുടെയും ഉദ്യോഗ കാലാവധിയും ആകസ്മിക ഒഴിവുകൾ നികത്തലിന്റെ രീതിയും നൽകേണ്ടതായ ബത്തകളും ഒരു മെമ്പറല്ലാത്ത ഒരാളെ ഒരു സബ് കമ്മിറ്റിയിൽ ഏത് ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി നിയമിക്കാമെന്നതും;

(ഖ) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു കുട്ടി ജോലി ചെയ്യുന്നതിന് ആവശ്യപ്പെടാവുന്നതോ അനുവദിക്കാവുന്നതോ ആയ മണിക്കൂറുകളുടെ എണ്ണം;

(ഗ) തൊഴിലിൽ ഉള്ളവരും തൊഴിൽ അന്വേഷിക്കുന്നവരുമായ യുവാക്കളെ സംബന്ധിച്ച വയസ്സ് സർട്ടിഫിക്കറ്റ് നൽകലും അങ്ങനെയുള്ള സർട്ടിഫിക്കറ്റ് ഏത് മെഡിക്കൽ അധികാരസ്ഥാനമാണ് നൽകേണ്ടതെന്നും അങ്ങനെയുള്ള സർട്ടിഫിക്കറ്റിന്റെ ഫാറവും അതിൻകീഴിൽ നൽകേണ്ടതായ ചാർജ്ജുകളും അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നൽകേണ്ട രീതിയും:

എന്നാൽ, അപേക്ഷ, ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് തൃപ്തികരമെന്ന് കരുതാവുന്ന വയസ്സിന്റെ തെളിവ് സഹിതമുള്ളതാണെങ്കിൽ അങ്ങനെയുള്ള ഏതൊരു സർട്ടിഫിക്കറ്റും നൽകേണ്ടതിലേക്കായി യാതൊരു ചാർജ്ജും ഈടാക്കാൻ പാടുള്ളതല്ല;

(ഘ) 11-ാം വകുപ്പുപ്രകാരം വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ അടങ്ങിയിരിക്കേണ്ട മറ്റു വിവരങ്ങൾ.

19. <u>ചട്ടങ്ങളും വിജ്ഞാപനങ്ങളും പാർലമെന്റിന്റെയോ അല്ലെങ്കിൽ നിയമസഭയുടെയോ മുമ്പാകെ വയ്ക്കണമെന്ന്.</u>—(1) കേന്ദ്രസർക്കാർ, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഓരോ ചട്ടവും, 4-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു വിജ്ഞാപനവും അതുണ്ടാക്കിയതിനു ശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങളിലോ തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിലേതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിലോ വിജ്ഞാപനത്തിലോ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കുന്നതാണ്.

(2) സംസ്ഥാന സർക്കാർ, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ സംസ്ഥാന നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

20. <u>മറ്റുചില നിയമവ്യവസ്ഥകൾ തടസ്സമാവുകയില്ലെന്ന്.</u>—15-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റിലെ വ്യവസ്ഥകളും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളും ഫാക്ടറീസ് ആക്റ്റ്, 1948 (1948-ലെ 63), പ്ലാന്റേഷൻസ് ലേബർ ആക്റ്റ്, 1951 (1951-ലെ 69), മൈൻസ് ആക്റ്റ്, 1952 (1952-ലെ 35) എന്നിവയിലെ വ്യവസ്ഥകൾക്ക് പുറമേയും അവയ്ക്ക് ഭംഗം വരാതെയും ആയിരിക്കുന്നതാണ്.

21. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാവുകയാണെങ്കിൽ, കേന്ദ്ര സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത ഉത്തരവുവഴി, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമാണെന്നോ സമീചീനമാണെന്നോ അതിന് തോന്നുന്ന അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലത്തിനുശേഷം, അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും അതു പുറപ്പെടുവിച്ച ശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

22. റദ്ദാക്കലും ഒഴിവാക്കലും.—(1) കുട്ടികളുടെ നിയോജനം ആക്റ്റ്, 1938 (1938-ലെ 26) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, അങ്ങനെ റദ്ദാക്കിയ ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ അല്ലെങ്കിൽ ചെയ്യാനോ എടുക്കാനോ ഉദ്ദേശിച്ചതോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമാകാത്തിടത്തോളം ഈ ആക്റ്റ് തൽസ്ഥാനീയ വ്യവസ്ഥകളിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടുന്നതാണ്.

*23. 1948-ലെ 11-ാം ആക്റ്റിന്റെ ഭേദഗതി.—ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ്, 1948-ലെ 2-ാം വകുപ്പിൽ,—

(i) (ക) ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ക) "പ്രായപൂർത്തിയാകാറായ ആൾ" എന്നാൽ പതിനാല് വയസ്സ് തികഞ്ഞതും എന്നാൽ "പതിനെട്ട് വയസ്സ് തികയാത്തതുമായ ആൾ" എന്നർത്ഥമാകുന്നു;

(കക) "പ്രായപൂർത്തിയായ ആൾ" എന്നാൽ പതിനെട്ട് വയസ്സ് തികഞ്ഞ ഒരാൾ എന്നർത്ഥമാകുന്നു :";

(ii) (ഖ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

'(ഖഖ) "കുട്ടി" എന്നാൽ പതിനാല് വയസ്സ് തികയാത്ത ഒരാൾ എന്നർത്ഥമാകുന്നു;'.

*24. 1951-ലെ 69-ാം ആക്റ്റിന്റെ ഭേദഗതി.—പ്ലാന്റേഷൻസ് ലേബർ ആക്റ്റ്, 1951-ൽ,—

(ക) 2-ാം വകുപ്പിലെ (ക)-യും (ഗ)-യും ഖണ്ഡങ്ങളിലെ "പതിനഞ്ചാമത്തെ" എന്ന വാക്കിനുപകരം "പതിനാലാമത്തെ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ഖ) 24-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്;

(ഗ) 26-ാം വകുപ്പിൽ പ്രാരംഭ ഭാഗത്ത് "പന്ത്രണ്ട് വയസ്സ് തികഞ്ഞ ഒരാൾ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

*25. 1958-ലെ 44-ാം ആക്റ്റിന്റെ ഭേദഗതി.—മർച്ചന്റ് ഷിപ്പിങ് ആക്റ്റ്, 1958-ലെ 109-ാം വകുപ്പിലെ "പതിനഞ്ച്" എന്ന വാക്കിനുപകരം "പതിനാല്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

*26. 1961-ലെ 27-ാം ആക്റ്റിന്റെ ഭേദഗതി.—മോട്ടോർ പരിവഹണ തൊഴിലാളികൾ ആക്റ്റ്, 1961-ലെ 2-ാം വകുപ്പിലെ (ക)-യും (ഗ)-യും ഖണ്ഡങ്ങളിലെ "പതിനഞ്ചാമത്തെ" എന്ന വാക്കിനുപകരം "പതിനാലാമത്തെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

---

* 2001-ലെ ഭേദഗതി-റദ്ദാക്കൽ ആക്റ്റ് (2001-ലെ 30)-ന്റെ 2-ാം വകുപ്പും ഒന്നാം പട്ടികയും പ്രകാരം റദ്ദാക്കപ്പെട്ടു.

## പട്ടിക

(3-ാം വകുപ്പ് കാണുക)

### ഭാഗം ക

### പ്രവൃത്തികൾ

(1) യാത്രക്കാരുടെയോ സാധനങ്ങളുടെയോ തപാലിന്റെയോ റെയിൽവേ മുഖേനയുള്ള പരിവഹണം;

(2) റെയിൽവേ പരിസരങ്ങളിലുള്ള കരിക്കട്ട പെറുക്കൽ, ചാരക്കുഴി വൃത്തിയാക്കൽ അല്ലെങ്കിൽ കെട്ടിട നിർമ്മാണ പ്രവർത്തനം;

(3) ഒരു പ്ലാറ്റ്ഫോമിൽനിന്നും മറ്റൊന്നിലേക്കോ അല്ലെങ്കിൽ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ട്രെയിനിനുള്ളിലേക്കോ വെളിയിലേക്കോ ഉള്ള ആ സ്ഥാപനത്തിലെ ഒരു വിൽപ്പനക്കാരന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും തൊഴിലാളിയുടെയോ സഞ്ചാരം ഉൾക്കൊള്ളുന്ന ഒരു റെയിൽവേ സ്റ്റേഷനിലെ കേറ്ററിംഗ് സ്ഥാപനത്തിലെ ജോലി ;

(4) ഒരു റെയിൽവേ സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ജോലി അല്ലെങ്കിൽ റെയിൽപ്പാളങ്ങളോട് തൊട്ടടുത്തതോ അല്ലെങ്കിൽ അവയ്ക്കിടയിലോ ചെയ്യുന്ന അതുമായി ബന്ധപ്പെട്ട അങ്ങനെയുള്ള മറ്റു ജോലി;

(5) ഏതെങ്കിലും തുറമുഖത്തിന്റെ പരിധിക്കുള്ളിൽ വരുന്ന ഒരു തുറമുഖ അധികാരസ്ഥാനം;

[1] [(6) താൽക്കാലിക ലൈസൻസോടെ കടകളിൽ പടക്കങ്ങളുടെയും കരിമരുന്നിന്റെയും വിൽപ്പനയുമായി ബന്ധപ്പെട്ട ജോലി;]

[2] [(7) പൊതുകശാപ്പു സ്ഥലങ്ങൾ/കശാപ്പുശാലകൾ;]

[3] [(8) ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ, ഗാരേജുകൾ;

(9) വാർപ്പുസ്ഥലങ്ങൾ;

(10) വിഷമുള്ളതോ വേഗം തീപിടിക്കുന്നതോ ആയ പദാർത്ഥങ്ങളോ സ്ഫോടക വസ്തുക്കളോ കൈകാര്യം ചെയ്യൽ;

(11) കൈത്തറിയും യന്ത്രത്തറിയും വ്യവസായം;

(12) ഖനികൾ (ഭൂഗർഭവും ഭൂഗർഭജലവും), കൽക്കരി ഖനികൾ;

(13) പ്ലാസ്റ്റിക് യൂണിറ്റുകൾ, ഫൈബർ ഗ്ലാസ് വർക്ക്ഷോപ്പുകൾ;]

[4] [(14) വീട്ടുജോലിക്കാരോ വേലക്കാരോ ആയി കുട്ടികളുടെ നിയോജനം;

(15) ദബാകൾ (വഴിയോരഭോജനശാലകൾ), റസ്റ്റോറന്റുകൾ, മോട്ടലുകൾ, ചായക്കടകൾ, റിസോർട്ടുകൾ, ആരോഗ്യസ്നാന സ്ഥലങ്ങൾ അല്ലെങ്കിൽ മറ്റു വിനോദകേന്ദ്രങ്ങളിൽ കുട്ടികളുടെ നിയോജനം,]

എന്നിവയുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തി.

### ഭാഗം ഖ

### പ്രക്രിയകൾ

(1) ബീഡി നിർമ്മാണം;

[5] [(2) പ്രാരംഭകമായതും അതു സംബന്ധിച്ച ആനുഷംഗിക പ്രക്രിയകളും ഉൾപ്പെടെയുള്ള പരവതാനി നെയ്ത്ത്;]

(3) സിമന്റ് നിർമ്മാണം, സിമന്റ് ചാക്കിലാക്കുന്നതുൾപ്പെടെ;

[5] [(4) പ്രാരംഭകമായതും അതിനോടനുബന്ധിച്ച ആനുഷംഗിക പ്രക്രിയകളും ഉൾപ്പെടെയുള്ള തുണി പ്രിന്റ് ചെയ്യലും നിറം കൊടുക്കലും നെയ്ത്തും;]

---

[1] 5-6-1989-ലെ എസ്.ഒ. 404 (ഇ) നമ്പർ വിജ്ഞാപനപ്രകാരം ചേർത്തത്.

[2] 29-3-1994-ലെ എസ്.ഒ. 263 (ഇ) നമ്പർ വിജ്ഞാപനപ്രകാരം ചേർത്തത്.

[3] 27-1-1999-ലെ എസ്.ഒ. 36 (ഇ) നമ്പർ വിജ്ഞാപനപ്രകാരം കൂട്ടിച്ചേർത്തത്.

[4] 10-7-2006-ലെ എസ്.ഒ. 1029 (ഇ) നമ്പർ വിജ്ഞാപനപ്രകാരം ചേർത്തത്.

[5] 27-1-1999-ലെ എസ്.ഒ. 36 (ഇ) നമ്പർ വിജ്ഞാപനപ്രകാരം പകരം ചേർത്തത്.

(5) തീപ്പെട്ടി, സ്ഫോടക വസ്തുക്കൾ, കരിമരുന്ന് എന്നിവയുടെ നിർമ്മാണം;

(6) മൈക്ക കീറലും മുറിക്കലും;

(7) ഷെലാക്ക് നിർമ്മാണം;

(8) സോപ്പ് നിർമ്മാണം;

(9) തോൽ ഊറയ്ക്കിടൽ;

(10) കമ്പിളി വൃത്തിയാക്കൽ;

[1] [(11) കരിങ്കല്ലിന്റെ പ്രോസസിങും പോളിഷിങും ഉൾപ്പെടെയുള്ള കെട്ടിട-നിർമ്മാണ വ്യവസായം;]

[2] [(12) സ്ലേറ്റ് പെൻസിലുകളുടെ നിർമ്മാണം (പാക്കിങ് ഉൾപ്പെടെ);

(13) വൈഡൂര്യത്തിൽനിന്നുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം;

(14) വിഷമുള്ള ഈയം, മെർക്കുറി, മാംഗനീസ്, ക്രോമിയം, കാഡ്മിയം, ബെൻസീൻ, കീടനാശിനികൾ, ആസ്ബസ്റ്റോസ് അതുപോലുള്ള വിഷമുള്ള ലോഹങ്ങളും പദാർത്ഥങ്ങളും ഉപയോഗിച്ചുള്ള നിർമ്മാണ പ്രക്രിയകൾ;]

[3] [(15) ഫാക്ടറീസ് ആക്റ്റ്, 1948 (1948-ലെ 63)-ലെ 2 (ഗ) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള, 'അപകടകരമായ പ്രവർത്തനവും' 87-ാം വകുപ്പിൻകീഴിലെ ചട്ടങ്ങളിൽ വിജ്ഞാപനം ചെയ്തിട്ടുള്ള 'അപായകരമായ പ്രവർത്തനവും';

(16) ഫാക്ടറീസ് ആക്റ്റ്, 1948 (1948-ലെ 63)-ലെ 2 (s) (iv) വകുപ്പിൽ നിർവ്വചിച്ചപ്രകാരമുള്ള അച്ചടി;

(17) കശുവണ്ടിയും കശുവണ്ടിപ്പരിപ്പ് പുറന്തൊലി നീക്കംചെയ്യലും സംസ്കരണവും;

(18) ഇലക്ട്രോണിക് വ്യവസായങ്ങളിലെ വിളക്കിച്ചേർക്കൽ പ്രക്രിയകൾ;]

[4] [(19) 'ചന്ദനത്തിരി' നിർമ്മാണം;

(20) ഓട്ടോമൊബൈൽ റിപ്പയറുകളും അതിനോടനുബന്ധിച്ചുള്ള ആനുഷംഗിക പ്രക്രിയകൾ അതായത് വെൽഡിംഗ്, ലെയ്ത്ത് ജോലി, ഡെന്റ് ബീറ്റിങ്ങും പെയിന്റിങ്ങും ഉൾപ്പെടെയുള്ള മെയിന്റനൻസും;

(21) ഇഷ്ടിക ചൂളകളുടെയും മേച്ചിൽ ഓടുകളുടെയും യൂണിറ്റുകൾ;

(22) പഞ്ഞികടയലും പ്രോസസിംഗും ഹോസിയറി സാധനങ്ങളുടെ ഉൽപ്പാദനവും;

(23) ഡിറ്റർജന്റ് നിർമ്മാണം;

(24) ഫാബ്രിക്കേഷൻ വർക്കുഷോപ്പുകൾ (ഇരുമ്പ് അടങ്ങിയിട്ടുള്ളതും അടങ്ങിയിട്ടില്ലാത്തതും);

(25) രത്നം മുറിക്കലും മിനുസപ്പെടുത്തലും;

(26) ക്രോമൈറ്റും മാംഗനീസും അയിരുകളുടെ കൈകാര്യം ചെയ്യൽ;

(27) ചണവസ്ത്ര ഉൽപ്പാദനവും കയർ നിർമ്മാണവും;

(28) ചുണ്ണാമ്പ് ചൂളകളും ചുണ്ണാമ്പ് നിർമ്മാണവും;

(29) പൂട്ട് നിർമ്മാണം;

(30) പ്രാഥമികവും ദ്വിതീയവുമായ സ്ഫുടം ചെയ്യൽ പോലുള്ള ഈയത്തെ സ്പാഷ്ടീകരിക്കുന്ന നിർമ്മാണപ്രക്രിയകളായ ഈയം പെയിന്റ് ചെയ്തിട്ടുള്ള ലോഹ നിർമ്മാണങ്ങളുടെ വെൽഡിങും കട്ടിങും, ഗാൽവനൈസ്ഡ് അല്ലെങ്കിൽ സിങ്ക് സിലിക്കേറ്റിന്റെ വെൽഡിങ്, പോളി വിനൈൽ ക്ലോറൈഡ്, ക്രിസ്റ്റൽ ഗ്ലാസ് കട്ടിയുടെ (കൈകൊണ്ടുള്ള) കൂട്ടിച്ചേർക്കൽ, ഈയം പെയിന്റിന്റെ സാൻഡിങ് അല്ലെങ്കിൽ ഉരസൽ, ഇനാമലിംഗ്, വർക്കുഷോപ്പുകളിൽ ഈയം കത്തിക്കൽ,

---

[1] 10-5-2001-ലെ എസ്.ഒ. 397 (ഇ) നമ്പർ വിജ്ഞാപനപ്രകാരം പകരം ചേർത്തത്.

[2] 5-6-1989-ലെ എസ്.ഒ. 404 (ഇ) നമ്പർ വിജ്ഞാപനപ്രകാരം ചേർത്തത്.

[3] 29-3-1994-ലെ എസ്.ഒ. 263 (ഇ) നമ്പർ വിജ്ഞാപനപ്രകാരം ചേർത്തത്.

[4] 27-1-1999-ലെ എസ്.ഒ. 36 (ഇ) നമ്പർ വിജ്ഞാപനപ്രകാരം കൂട്ടിച്ചേർത്തത്.

ഈയം ഖനനം ചെയ്യൽ, പ്ലമ്പിങ്, കേബിൾ നിർമ്മാണം, വയർ പേറ്റന്റിങ്, ഈയം ഉരുക്കി വാർക്കൽ, അക്ഷരം വാർക്കുന്ന ശാലകളിലെ അക്ഷരവാർപ്പ്, അച്ചു നിരത്തിന്റെ ശേഖരണവും കാറിന്റെ കൂട്ടിച്ചേർക്കലും വെടിയുണ്ട നിർമ്മാണവും ഈയം ഗ്ലാസിന്റെ ഊതിവീർപ്പിക്കലും;

(31) സിമൻറ് പൈപ്പുകളുടെയും സിമന്റ് ഉൽപ്പന്നങ്ങളുടെയും നിർമ്മാണവും മറ്റു അനുബന്ധ ജോലിയും;

(32) ഗ്ലാസ്, വളകളുൾപ്പെടെയുള്ള സ്ഫടിക നിർമ്മിത വസ്തുക്കൾ, ഫ്ളൂറസെന്റ് ട്യൂബുകൾ, ബൾബുകൾ, സമാനമായ മറ്റ് ഗ്ലാസ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം;

(33) ചായങ്ങളുടെയും ചായക്കൂട്ടുകളുടെയും നിർമ്മാണം;

(34) കീടനാശിനികളുടെയും കീടനാശകൗഷധങ്ങളുടെയും നിർമ്മാണം അല്ലെങ്കിൽ കൈകാര്യം ചെയ്യൽ;

(35) ദ്രവിപ്പിക്കുന്നതും വിഷം കലർന്നതുമായ പദാർത്ഥങ്ങളുടെ നിർമ്മാണം അല്ലെങ്കിൽ സംസ്ക്കരണവും കൈകാര്യം ചെയ്യലും ലോഹം വൃത്തിയാക്കലും ഫോട്ടോ മുദ്രണംചെയ്യലും ഇലക്ട്രോണിക് വ്യവസായത്തിലെ വിളക്കിച്ചേർക്കൽ പ്രക്രിയകളും;

(36) കത്തിക്കാനുള്ള കൽക്കരിയുടെയും കൽക്കരി ഇഷ്ടികകളുടെയും നിർമ്മാണം;

(37) സിന്തറ്റിക്ക് പദാർത്ഥങ്ങൾ, കെമിക്കലുകൾ, തോൽ എന്നിവയുമായി സമ്പർക്കം വരുന്ന സ്പോർട്ട്സ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം;

(38) ഫൈബർ ഗ്ലാസിന്റെയും പ്ലാസ്റ്റിക്കിന്റെയും രൂപപ്പെടുത്തലും സംസ്കരണവും;

(39) എണ്ണ പുറന്തള്ളലും ശുദ്ധീകരണശാലയും;

(40) കടലാസ് നിർമ്മാണം;

(41) മൺപാത്രങ്ങളും കളിമണ്ണും വ്യവസായം;

(42) എല്ലാരൂപത്തിലുമുള്ള പിച്ചള സാധനങ്ങളുടെ പോളിഷിങും രൂപപ്പെടുത്തലും മുറിക്കലും വെൽഡിങും നിർമ്മാണവും;

(43) ട്രാക്ടറുകളും മെതിക്കലും കൊയ്ത്തും യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാർഷിക പ്രവൃത്തിയും ചാഫ് കട്ടിങും;

(44) ഈർച്ച മില്ല്—എല്ലാ പ്രക്രിയകളും;

(45) പട്ടുനൂൽ കൃഷി പ്രക്രിയ;

(46) തോലുരിക്കലും ചായം മുക്കലും തുകലും തുകലുൽപ്പന്നങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രക്രിയകളും;

(47) പാറ പൊട്ടിക്കലും പാറപൊടിയാക്കലും;

(48) പുകയിലയുടെയും പുകയില പേസ്റ്റിന്റെയും നിർമ്മാണം ഉൾപ്പെടെയുള്ള സംസ്കരണവും ഏത് രീതിയിലുമുള്ള പുകയില കൈകാര്യം ചെയ്യലും;

(49) ടയർ നിർമ്മാണവും കേടുപാടു തീർക്കലും റീത്രെഡ്ഡിങും ഗ്രാഫൈറ്റ് സജ്ജീകരണവും;

(50) പാത്രങ്ങൾ നിർമ്മിക്കൽ, പോളീഷ് ചെയ്യൽ, ലോഹം ഇടിക്കൽ;

(51) 'സെറി' നിർമ്മാണം (എല്ലാ പ്രക്രിയകളും);]

[1] [(52) ഇലക്ട്രോപ്ലേറ്റിങ്;

(53) ഗ്രാഫൈറ്റ് പൊടിക്കലും അനുബന്ധ പ്രക്രിയയും;

(54) ലോഹങ്ങളുടെ ഉരയ്ക്കലോ മിനുസമാക്കലോ;

(55) ഡയമണ്ട് മുറിക്കലും പോളിഷിങും;

(56) ഖനികളിൽനിന്നും സ്ലേറ്റ് എക്സ്ട്രാക്റ്റ് ചെയ്യൽ;

(57) പഴന്തുണി പെറുക്കലും തോട്ടിപ്പണിയും.]

---

[1] 10-5-2001-ലെ എസ്.ഒ. 397 (ഇ) നമ്പർ വിജ്ഞാപനപ്രകാരം ചേർത്തത്.

# THE CHILD LABOUR (PROHIBITION AND REGULATION) ACT, 1986
# (ACT NO. 61 OF 1986)

## ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1986
## (1986-ലെ 61-ാം നമ്പർ ആക്റ്റ്)

## Glossary

| | | | |
|---|---|---|---|
| Effluence | — | ഒഴുക്കിവിടുന്ന ദ്രാവകങ്ങൾ | (Sn. 13 (2)) |
| Employments | — | തൊഴിലുകൾ | (Long title) |
| Labour | — | വേല | (Sn. 1) |
| Number of hours | — | മണിക്കൂറുകളുടെ എണ്ണം | (Sn. 18 (2)) |
| Occupation | — | പ്രവൃത്തി | (Sn. 3) |
| Power | — | വൈദ്യുതി | (Sn. 13) |
| Precincts | — | പ്രാന്തപ്രദേശങ്ങൾ | (Sn. 2(x)) |